ഉത്തരം

നടപ്പ് സാമ്പത്തിക വർഷത്തെ 31-3-2011 വരെ ഉണ്ടാകുവാൻ സാധ്യതയുള്ള എല്ലാ പ്രതീക്ഷിത ഒഴിവുകളും 31-7-2010-ന് മുൻപ് നിർബന്ധമായും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് എല്ലാ ജില്ലാ കളക്ടർമാർക്കും വകുപ്പദ്ധ്യക്ഷൻമാർക്കും പൊതുമേഖലാ അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ മേധാവികൾക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിലെ എൽ.ഡി.സി. നിയമനം

18 (5688) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010 മാർച്ചിൽ സർവ്വീസിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് ആനുപാതികമായി എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) തിരുവനന്തപുരം ജില്ലയിലെ എൽ.ഡി.സി. ലിസ്റ്റിൽ നിന്നും ഒഴിവുള്ള മുഴുവൻ തസ്തികകളിലും നിയമനം നടത്തുവാൻ നിർദ്ദേശം നൽകുമോ ;

(ഡി) തിരുവനന്തപുരം ജില്ലയിലെ എൽ.ഡി.സി. ലിസ്റ്റിൽനിന്നും നാളിതുവരെ നിയമനം നൽകിയവരുടെ ജാതി തിരിച്ചുള്ള നില വ്യക്തമാക്കുമോ ;

(ഇ) തിരുവനന്തപുരം ജില്ലയിലെ എൽ.ഡി.സി. ലിസ്റ്റിൽ നിന്നും ഈ വർഷം ഇനി എത്ര ആളുകൾക്ക് ജോലി നൽകുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(എഫ്) വേക്കൻസികൾ ഒഴിഞ്ഞു കിടന്നിട്ടും റിപ്പോർട്ട് ചെയ്യാതെ എംപ്ലോയ്മെന്റ് വഴിയും ഇതര മാർഗ്ഗത്തിലൂടെയുമായി എൽ.ഡി.സി. മാരായി തിരുവനന്തപുരം ജില്ലയിൽ ഓരോ വകുപ്പിലും ജോലി ചെയ്യുന്നവരുടെ വിശദവിവരം ലഭ്യമാക്കുമോ ;

(ജി) ഇത്തരത്തിൽ ജോലി ചെയ്യുന്നവരെ പിരിച്ചുവിട്ട് പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമനം നടത്തുവാൻ അടിയന്തര ഉത്തരവ് നൽകുമോ ?

ഉത്തരം

(എ - എഫ്) വിവരം ശേഖരിച്ചുവരുന്നു.

(ജി) പി.എസ്.സി. നിയമനം ലഭിച്ചവർ ജോലിയിൽ പ്രവേശിച്ചയുടനെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും ദിവസ വേതനാടിസ്ഥാനത്തിലും ജോലിയിൽ തുടരുന്നവരെ പിരിച്ചുവിടുന്നതിന് 19-7-2006-ലെ സർക്കുലർ

LIBRARY ARCHIVES Kerala Legislative Assembly

7300/ഉപ.സി3/06/ഉ.ഭ.പ.വ.-ൽ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് കാലാകാലങ്ങളിൽ സർക്കുലറുകൾ പുറപ്പെടുവിക്കാറുണ്ട്.

ആശ്രിത നിയമനത്തിനുള്ള അനുപാതം

19 (5689) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന സർക്കാർ സർവ്വീസിലേക്കുള്ള ആശ്രിതനിയമനത്തിനുള്ള അനുപാതം വ്യക്തമാക്കുമോ ; ഇതിന്റെ നടപടിക്രമങ്ങൾ വിശദമാക്കുമോ ?

ഉത്തരം

ആശ്രിത നിയമന പദ്ധതി പ്രകാരമുള്ള നിയമന ചട്ടങ്ങൾ 24-5-1999-ലെ സ.ഉ.(പി) 12/99/ഉ.ഭ.പ.വ.യിലാണ് പരാമർശിച്ചിട്ടുള്ളത്. എൽ.ഡി.ക്ലാർക്ക്, എൽ.ഡി.ടൈപ്പിസ്റ്റ്, പ്യൂൺ എന്നീ തസ്തികകളിലെ നിയമനം അതാതു വകുപ്പിൽ നിലവിലുള്ളതോ ഉടൻ ഉണ്ടാകുന്നതോ ആയ ഒഴിവുകളിൽ നൽകേണ്ടതാണ്. ഇത് സാധ്യമല്ലാതെ വരുന്ന സാഹചര്യത്തിൽ ടൈപ്പിസ്റ്റ്-ക്ലാർക്ക്, പാർട്ട് ടൈം കണ്ടിജന്റ് എന്നീ തസ്തികകളിലും നിയമനം നൽകാവുന്നതാണ്. ഇതും സാധ്യമല്ലാതെ വരുമ്പോൾ പൊതുഭരണ (CE സെൽ) വകുപ്പുവഴി ഒഴിവുകൾ അലോട്ടുചെയ്യുന്നുണ്ട്. ഇതിനായി എല്ലാ വകുപ്പദ്ധ്യക്ഷൻമാരും/ നിയമനാധികാരികളും എൽ.ഡി.ക്ലാർക്ക്, എൽ.ഡി.ടൈപ്പിസ്റ്റ്, പ്യൂൺ എന്നീ തസ്തികകളിൽ ഓരോ വർഷമുണ്ടാകുന്ന ഒഴിവുകളുടെ 5 ശതമാനം ടി വകുപ്പിലേയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. മേൽപ്പറഞ്ഞ തസ്തികകൾ കൂടാതെ അസിസ്റ്റന്റ്, ഓഡിറ്റർ, ലീഗൽ അസിസ്റ്റന്റ് എന്നീ തസ്തികകളിലെ 5 ശതമാനം ഒഴിവുകളും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, എൽ.ഡി കമ്പയിലർ എന്നീ തസ്തികകളിലെ 5% ഒഴിവുകളും പോലീസ് കോൺസ്റ്റബിൾ, എക്സൈസ് ഗാർഡ്, ഫോറസ്റ്റ് ഗാർഡ്, ജയിൽ വാർഡൻ എന്നീ തസ്തികകളിലെ 10 ശതമാനം ഒഴിവുകളും പൊതുഭരണ (CE സെൽ) വകുപ്പിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

എച്ച്.ഡി.എഫ്.സി/ഐ.സി.ഐ.സി.ഐ ബാങ്കുകളുടെ മേലുള്ള നിയന്ത്രണം

20 (5690) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ എച്ച്.ഡി.എഫ്.സി/ഐ.സി.ഐ.സി.ഐ. തുടങ്ങിയ ബാങ്കുകളുടെ പ്രവർത്തനത്തിന്മേൽ സംസ്ഥാന സർക്കാരിന് എന്തെങ്കിലും നിയന്ത്രണങ്ങൾ ഉണ്ടോ ; എങ്കിൽ ഏതൊക്കെ കാര്യത്തിൽ എങ്ങനെയൊക്കെ എന്ന് വിശദമാക്കുമോ ?

ഉത്തരം

ഇക്കാര്യം സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൽ വരുന്നതല്ല.

LIBRARY ARCHIVES Kerala Legislative Assembly